ശുദ്ധജലവിതരണ പദ്ധതി

* 905. [46] ശ്രീ. പി. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ–തലശ്ശേരി മുനിസിപ്പാലിറ്റികളിൽ കഴിഞ്ഞ രണ്ടു വർഷമായി നടത്തിവരുന്ന ശുദ്ധജലവിതരണപദ്ധതിയുടെ പ്രവർത്തനം മന്ദീഭവിപ്പിക്കുന്നതിനു് ആരോഗ്യവകുപ്പു വല്ല നിർദ്ദേശവും നൽകുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഇല്ല. കണ്ണൂർ, തലശ്ശേരി മുനിസിപ്പാലിറ്റികളും മാഹിയും ഉൾക്കൊള്ളുന്ന ഒരു സമഗ്രമായ ജലവിതരണപദ്ധതി ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്. മാഹി ജലവിതരണപദ്ധതിക്കു കേന്ദ്രഗവണ്മെൻറിന്റെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ മേൽ നടപടികൾക്കു കാലതാമസം നേരിട്ടിരിക്കുകയാണു്. കണ്ണൂർ–തലശ്ശേരി ജലവിതരണപദ്ധതികളുടെ പ്രാരംഭപ്രവർത്തനങ്ങൾ തുടർന്നുകൊണ്ടാണിരിക്കുന്നതു്.

(ബി) 'എ'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ഈ ശുദ്ധജലവിതരണപദ്ധതി കണ്ണൂരിനെ സംബന്ധിച്ചിടത്തോളം പൂർത്തിയാക്കാൻ എത്ര സമയം വേണ്ടിവരുമെന്നു പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു പൂർത്തിയാക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. നാലാം പദ്ധതിക്കാലത്തു പൂർത്തിയാക്കാൻ സാധിക്കുമെന്നാണു് തോന്നുന്നതു്.

ശ്രീ. വി. ആർ. കൃഷ്ണയ്യർ : അവിടെ ഇതിലേക്കു വേണ്ട ലാൻഡ് അക്വിസിഷൻ നടപടികളും പൂർത്തിയായിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഏതെല്ലാം പണികളും പൂർത്തിയായി എന്നു പറയാൻ ഇപ്പോൾ നിവൃത്തിയില്ല. മാഹി ഏരിയായിലേക്കു വേണ്ടി 13.5 ലക്ഷം രൂപ കൊള്ളിച്ചിട്ടുള്ളതുകൊണ്ടു് അതിനു കേന്ദ്രഗവണ്മെൻറിന്റെ കൺകറൻസുവേണം. അതു കിട്ടിക്കഴിഞ്ഞാൽ ഉടനെ ഈ വർക്കുകൾ ഊർജ്ജിതമായി തുടങ്ങാൻ സാധിക്കുമെന്നാണു തോന്നുന്നതു്.

കോഴിക്കോടു് മെഡിക്കൽകാളേജിലെ കുഴപ്പങ്ങൾ

* 906. [47] ശ്രീ. പി. സി. രാഘവൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലത്തെ ഇൻറർകാളേജിയേറ്റു് ടൂർണമെൻറുകളിൽ കോഴിക്കോട് മെഡിക്കൽകാളേജിൽ നിന്നും ആൺകുട്ടികളെ അയയ്ക്കാതിരിക്കുകയും പെൺകുട്ടികളെ മാത്രം അയയ്ക്കുകയും ചെയ്യാൻ പ്രിൻസിപ്പാൾ തീരുമാനിച്ചതു് എന്തുകൊണ്ടു് ;

(ബി) അടിയന്തിരാവസ്ഥയെ നേരിടാനുള്ള ആർമി മെഡിക്കൽ സപ്ലീസിലേക്കു് എത്ര വിദ്യാർത്ഥികളും ഈ കാളേജിൽ നിന്നും അപേക്ഷിച്ചിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാളേജ് ഹോസ്റ്റലിലെ വാച്ചുമാനെ പിരിച്ചുവിട്ടതിനെത്തുടന്ന് ഉണ്ടായ കഴപ്പങ്ങൾ എതുവിധത്തിൽ അവസാനിച്ചു ;

(ഡി) കാളേജുബസ്സ് മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തി എന്ന ആവലാതിയിൽ തീരുമാനമെടുത്തുകഴിഞ്ഞുവോ ;

(ഇ) ഈ കാളേജിൽ പ്രിൻസിപ്പാളും വിദ്യാർത്ഥികളും തമ്മിൽ സഹകരണമില്ലായ്മയുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കാനുള്ള നടപടികളും ഉടൻ എടുക്കുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (എം. പി. ഗോവിന്ദൻ നായർ):

(എ) ഇക്കൊല്ലം കാളേജു യൂണിയൻ ഒന്നടങ്കം രാജിവച്ചതുകൊണ്ട് സ്റ്റോർട്ട്സ് സെക്രട്ടറിയോ, ക്യാപ്റ്റനോ ഇല്ലായിരുന്നു. അതുകൊണ്ട് ആൺകുട്ടികളുടെ ടീം തിരഞ്ഞെടുക്കുവാൻ കഴിഞ്ഞില്ല. ഫിസിക്കൽ ഡയറക്ടർ പെൺകുട്ടികളുടെ ടീം തിരഞ്ഞെടുക്കുകയുണ്ടായി.

(ബി) പന്ത്രണ്ടുപേർ അപേക്ഷിച്ചതിൽ രണ്ടുപേരെമാത്രം അവരുടെ അദ്ധ്യയന കഴിവുകളെ വകയിരുത്തി ഷോർട്ട് സർവ്വീസ് കമ്മിഷനു് ശുപാർശ ചെയ്തിട്ടുണ്ടു്.

(സി) വാച്ചർ സ്വയം പിരിഞ്ഞുപോകുകയാണുണ്ടായതു്. പിരിച്ചുവിട്ടതല്ല.

(ഡി) ഇങ്ങനെ ഒരു ആവലാതി ഗവണ്മെൻറു ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ഇ) കുട്ടികളും പ്രിൻസിപ്പാളും തമ്മിൽ നിസ്സഹകരണം ഉണ്ടെന്നു ഗവണ്മെൻറു കരുതുന്നില്ല.

ശ്രീ. പി. സി. രാഘവൻ നായർ : അവിടെ കുട്ടികളും പ്രിൻസിപ്പാളും തമ്മിൽ അഭിപ്രായവ്യത്യാസമില്ല, അതേസംബന്ധിച്ചു ഒന്നും ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നു ഈ ചോദ്യത്തിനു മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ അവിടെ ഈ പ്രിൻസിപ്പാളും സ്റ്റുഡൻസും തമ്മിൽ ഉണ്ടായിരുന്ന പൊരുത്തമില്ലായ്മ ഇപ്പോഴും തുടർന്നുവരികയാണു്: എന്നതന്നെയുമല്ല ആ കാളേജധ്യാപകരിയിലെ ഡാക്ടറന്മാർ തന്നെ, വിദ്യാർത്ഥന്മാരായിട്ടുള്ള ഡാക്ടറന്മാർ തന്നെ, ഈ പ്രിൻസിപ്പാളിൻെറ പെരുമാറ്റത്തിൻെറ ഫലമായിട്ടു അവിടെ നിന്നു രാജിവച്ചു പോകുകയും സേവനം മതിയാക്കിപോകുകയും ചെയ്തിട്ടുണ്ടു്. അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ ആക്കാര്യങ്ങളെ സംബന്ധിച്ചുള്ള അന്വേഷണം നടത്തി ആ കാളേജിൻെറ നല്ല നടത്തിപ്പിനു വേണ്ടതായ നടപടിയെടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : സർ, അങ്ങനെ യാതൊരു പൊരുത്തക്കേടും ഉള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പെർമെനൻറു സ്റ്റാഫ് ആരും അവിടെനിന്നു പിരിഞ്ഞുപോയിട്ടില്ല. താൽക്കാലികമായി നിയമിച്ചിട്ടുള്ള ഡാക്ടറന്മാർ ചിലപ്പോഴും മറ്റു് എവിടെയെങ്കിലും ജോലികിട്ടിയെങ്കിൽ പോയിട്ടുണ്ടാവാം. അല്ലാതെ ആരും പ്രിൻസിപ്പാളിൻെറ പെരുമാറ്റത്തിൽ പ്രതിഷേധിച്ചു ഇന്നേവരെ രാജിവച്ചു് പോയിട്ടില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഈ കാളേജിലെ റാഗ്ഗിംഗ് തുടങ്ങിയ അനിഷ്ട സംഭവങ്ങളെത്തുടർന്നു അവിടെ അകാരണമായി പ്രിൻസിപ്പാളും വിദ്യാർത്ഥികളും തമ്മിൽ ഉള്ള എതിർപ്പുമൂലം പോലീസ് കാളേജിൽ പ്രവേശിച്ചു അവിടെ കഴിഞ്ഞുവരികയും സ്റ്റുഡൻസിനെ പലരേയും പോലീസ് അറസ്റ്റു ചെയ്കയും അവരുടെ പേരിൽ നടപടിയെടുക്കുകയും ചെയ്തതു അന്യായമാണെന്നുള്ളതു കണക്കിലെടുത്തുകൊണ്ടും അവിടത്തെ സ്റ്റാഫിൽപ്പെട്ട പലരും അവിടെ നിന്നും രാജിവച്ചുപോകാൻ ഇടയായി എന്നുള്ളതുകൊണ്ടും അതേ സംബന്ധിച്ചു കോഴിക്കോടു അങ്ങാടിയിൽ പാട്ടായിത്തീർന്നിരിക്കുകയാണു്, എന്നിട്ടും ഈ തരം സംഭവങ്ങൾ ഉണ്ടായിട്ടില്ലാ എന്നാണു് മന്ത്രി പറയുന്നതു്. അതിൽ എതാണു ശരി. മന്ത്രി അതേപ്പറ്റി കാര്യമായി ഒന്നു അന്വേഷിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ അങ്ങാടിപ്പാട്ടിനെപ്പറ്റി ഗവണ്മെൻറിനറിഞ്ഞുകൂടാ. ഈ പറഞ്ഞ വസ്തുതകളൊന്നും ഉണ്ടായിട്ടില്ല. എന്തായാലും ഇക്കാര്യത്തെപ്പറ്റി അന്വേഷിക്കാം. റാഗ്ഗിംഗിൽ ഉൾപ്പെട്ട എന്ന കാരണത്താൽ 12 വിദ്യാർത്ഥികളെ ഹോസ്റ്റലിൽ നിന്നു പുറത്താക്കി. അതു കൊണ്ട് അവിടെ ജോലിചെയ്തുകൊണ്ടിരുന്ന വാച്ചുമാനാണ് വിവരം പറഞ്ഞു കൊടുത്തത് എന്നു പറഞ്ഞു കുട്ടികൾ അയാളെ വളരെയധികം ദേഹോപദ്രവം ഏല്പിക്കുകയും ഒരു മുറിയിലാക്കി അടയ്ക്കുകയും ചെയ്തു. അയാൾ ജോലി രാജിവച്ചിട്ട് പിരിഞ്ഞുപോകുകയും പോലീസിൽ പരാതിപ്പെടുകയുമുണ്ടായി. പോലീസ് അതേപ്പറ്റി അന്വേഷണം നടത്തി. പ്രിൻസിപ്പാളിന്റെ പേരിൽ യാതൊരു കുറവും നടപടിപ്പിശകും ഉള്ളതായി അറിവില്ല.

ശ്രീ. ഇ. പി. ഗോപാലൻ : ഇവിടെ മറുപടി പറഞ്ഞുകേട്ടതിൽ ഇൻറർ കൊളീജിയറ്റ് ടൂർണമെൻറിൽ പങ്കെടുക്കാൻ കഴിവുള്ള കുട്ടികളെ ഇല്ലായിരുന്നു എന്നു പറഞ്ഞു അതു ഒരു സാധാരണ രീതിയിലുള്ള മറുപടിയാണ്. ഇൻറർകൊളീജിയറ്റ് ടൂർണമെൻറിൽ കുട്ടികളെ വളരെ ഉത്സാഹത്തോടുകൂടി പങ്കെടുക്കാറുണ്ട്. അവിടെ ആൺകുട്ടികളെ ഇല്ലാത്തതുകൊണ്ട് പെൺകുട്ടികളെ മാത്രം എടുത്തു എന്നു പറഞ്ഞു. അവിടത്തെ ഒരു ഡാക്ടർ പി. പി. മേനോൻ ക്യാലിക്കറ്റ് ഹാസ്പിറ്റലിൽ ഫൈസ്സ്യോളിസ്റ്റായിരുന്നു. അദ്ദേഹം അവിടെ നിന്നും ഇതുമുഖാന്തിരം ആശുപത്രിയിലുള്ള പ്രവർത്തനം മതിയാക്കി. അതായത് ആണറ്റി പ്രവർത്തനം മതിയാക്കി കോഴിക്കോട്ട് പ്രൈവറ്റായി പ്രവർത്തനം നടത്തുകയാണ്. ഇങ്ങനെയൊക്കെയുള്ള കുറെ വസ്തുതകളുടെ അടിസ്ഥാനത്തിൽ എന്തോ അവിടെ തകരാറുണ്ട്. അതു് എത്ര മൂടാൻ ശ്രമിച്ചാലും സാദ്ധ്യമല്ല. അതുകൊണ്ട് അന്വേഷണം നടത്തി എന്തെങ്കിലും നടപടി എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ സ്പോർട്സ് സെക്രട്ടറി ഇക്കൊല്ലം രാജിവയ്ക്കുകയുണ്ടായി. അങ്ങനെ സ്പോർട്സ് സെക്രട്ടറിയോ, ക്യാപ്റ്റനോ ഇല്ലാതിരുന്നതുകൊണ്ട് ആൺകുട്ടികളെ തിരഞ്ഞെടുക്കുവാൻ കഴിഞ്ഞില്ല. അവരാണ് അതിലേക്ക് വേണ്ടവരെ തിരഞ്ഞെടുക്കേണ്ടതു്. അതുകൊണ്ട് ആൺകുട്ടികളെ തിരഞ്ഞെടുക്കുകയുണ്ടായില്ല. പെൺകുട്ടികളെ തിരഞ്ഞെടുത്തതു അവിടത്തെ ഫിസിക്കൽ ഡയറക്ടറസ്സാണ്. അതുപോലെ ഡാക്ടർ മേനോനെപ്പറ്റിയാണെങ്കിൽ എല്ലാ ആണറ്റി ഡാക്ടറന്മാരുടെയും കാലാവധി 1962 സെപ്റ്റംബർ 31–ാം തീയതി അവസാനിക്കുകയുണ്ടായി. അതിനശേഷം ചിലരുടെ അപ്പ്ലിക്കേഷൻ അനുസരിച്ചു വീണ്ടും പുതുക്കിക്കൊടുത്തു. ഇല്ലാത്ത Dr. Mours ആദ്യമേ അപ്പ്ലിക്കേഷൻ ഗവണ്മെൻറിലേക്ക് അയച്ചതാണ്. അതിനശേഷം ഞാൻ കോഴിക്കോട്ട് ചെന്നപ്പോൾ അദ്ദേഹം പറഞ്ഞതു, ഞാനും അപേക്ഷ അയച്ചിരുന്നു; പക്ഷേ എനിക്കു തുടർന്നു ആണറ്റി ഡാക്ടറായിരിക്കേണ്ട, അതുകൊണ്ട് എൻറെ അപ്പ്ലിക്കേഷൻ കൺസിഡർ ചെയ്യേണ്ട ആവശ്യമില്ലന്നാണ്. അതിൻറെ അടിസ്ഥാനത്തിൽ അനുമതി കൊടുക്കാതിരുന്നതാണ്.

കാളറാ ബാധിതരായി ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവർ

* 907. [48] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തു് അടുത്തകാലത്തു് കാളറാ ബാധയുണ്ടായപ്പോൾ അതിൽപ്പെട്ട എത്രപേരെ തിരുവനന്തപുരം ജനറലാശുപത്രിയിൽ പ്രവേശിപ്പിച്ചു ;

(ബി) അതിൽ എത്രപേർ മരണമടഞ്ഞു ;

(സി) ആശുപത്രിയിൽ പ്രവേശിപ്പിച്ചതിൽ എത്രയാളുകൾക്ക് കാളറാബാധയുണ്ടെന്നു് പബ്ലിക്ക് ഹെൽത്തു് അധികൃതർ അഭിപ്രായപ്പെടുകയുണ്ടായി ;